പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2727 **28-10-2026-ൽ മറുപടിയ്ക്ക്**

തെറ്റിയാറും ആമയിഴഞ്ചാൻ തോടും പുനരുജ്ജീവിപ്പിക്കുന്നതിന് നടപടികൾ

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. വി. മുരളീധരൻ ശ്രീ. മോൻസ് ജോസഫ്
(ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി)

(എ) തിരുവനന്തപുരം നഗരത്തിലെ ജല സ്രോതസ്സായും പരിസ്ഥിതി സന്തുലനത്തിന് സംഭാവന നൽകി കൊണ്ടിരിക്കുന്നതുമായ ആമയിഴഞ്ചാൻ തോടും അതിന്റെ കൈവഴികളും തെറ്റിയാർ തോടും അതിന്റെ കൈവഴികളും നിലവിൽ നശിച്ച കൊണ്ടിരിക്കുന്ന അവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

മറുപടി: ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആമയിഴഞ്ചാൻ തോടിന്റെയും തെറ്റിയാർ തോടിന്റെയും കൈവഴികൾ പലസ്ഥലത്തും ഇടിഞ്ഞും കാടുപിടിച്ചും ചെളി അടിഞ്ഞുമുള്ള അവസ്ഥയിലാണ്.

(ബി) ഈ രണ്ട് തോടുകളുടെയും ഇന്നത്തെ അവസ്ഥയെക്കുറിച്ചുള്ള സമഗ്രമായ റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അത് ലഭ്യമാക്കാമോ;

മറുപടി: ഈ രണ്ടു തോടുകളുടെയും ഇന്നത്തെ അവസ്ഥയെ കുറിച്ച് സമഗ്രമായ റിപ്പോർട്ട് തയാറാക്കിയിട്ടില്ല. എന്നാൽ India European Union Water Partnership (IEWP) - Urban Flooding നെക്കുറിച്ചുള്ള പഠനത്തിനായി തിരുവനന്തപുരം പൈലറ്റ് നഗരമായി തിരഞ്ഞെടുത്തിട്ടുണ്ട്. ഇതിന്റെ ഭാഗമായി ആമയിഴഞ്ചാൻ തോടിൽ വന്നുചേരുന്ന ഉള്ളൂർ തോട്, പട്ടം തോട്, കുന്നുകുഴി തോട് എന്നീ തോടുകളുടെ വെള്ളം ഉൾകൊള്ളിക്കുന്ന തരത്തിൽ confluence point വീതി വർദ്ധിപ്പിക്കുന്നതിനും, തോടിലെ വെള്ളത്തിന്റെ ഒഴുക്കിന് തടസ്സമായി നിൽക്കുന്ന 3 പാലങ്ങൾ പൊളിച്ച് പുനർ നിർമ്മിക്കുന്നതിനും തെറ്റിയാർ തോടിൽ അടിഞ്ഞുകൂടിയ എക്കൽ നീക്കം ചെയ്യൽ (desilting) ഉൾപ്പെടെയുള്ള മറ്റ് അനുബന്ധ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനുമായി 62.742 കോടി രൂപയുടെ ഒരു പ്രാഥമിക പ്രോജക്ട് പ്രൊപ്പോസൽ തയ്യാറാക്കുകയും, Kerala State Disaster Management Authority (KSDMA), ജലവിഭവ വകുപ്പ്, നഗരസഭ, പൊതുമരാമത്ത് വകുപ്പ് തുടങ്ങിയവയിലെ ഉദ്യോഗസ്ഥരും, GIZ (German Agency), CWC (Central Water Commission) പ്രതിനിധികളും പങ്കെടുത്ത ആദ്യ കൺസൾട്ടേഷൻ യോഗത്തിൽ KSDMA, UFRMP (Urban Flood Risk Management Programme) പദ്ധതിക്കായി സമർപ്പിച്ച മേൽ പ്രൊപ്പോസൽ KSDMA അവതരിപ്പിക്കുകയും ചെയ്തു. ഇതിനെ തുടർന്ന് NDMA (National Disaster Management Authority) ടെക്നിക്കൽ അപ്രൈസൽ കമ്മിറ്റിക്കു മുമ്പാകെ ടി പ്രൊപ്പോസൽ വീണ്ടും അവതരിപ്പിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത യോഗത്തിന്റെ തീരുമാനം ലഭ്യമാകുന്ന മുറയ്ക്ക് നടപടികൾ സ്വീകരിക്കാവുന്നതാണ്.

2026-27 ലെ ബഡ്ജറ്റിൽ തെറ്റിയാറിന്റെ നവീകരണത്തിനായി 25 കോടി രൂപയ്ക്ക് 100 രൂപ ടോക്കൺ പ്രൊവിഷൻ ഉൾപ്പെടുത്തിയിട്ടുണ്ട്.

(സി) നദികളുടെ സംരക്ഷണത്തിനും പുനരുദ്ധാരണത്തിനും ഉള്ള കേന്ദ്രാവിഷ്കൃത പദ്ധതിയുടെ അടിസ്ഥാനത്തിൽ തെറ്റിയാറിന്റെയും ആമയിഴഞ്ചാൻ തോടിന്റെയും പുനരുജ്ജീവനത്തിന് വേണ്ടിയിട്ടുള്ള പദ്ധതി തയ്യാറാക്കുന്നതിനെ കുറിച്ച് സർക്കാർ തീരുമാനം എടുത്തിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ നൽകാമോ;

<u>മറുപടി:</u> ഈ രണ്ടു തോടുകളുടെയും ഇന്നത്തെ അവസ്ഥയെ കുറിച്ച് സമഗ്രമായ റിപ്പോർട്ട് തയാറാക്കിയിട്ടില്ല. എന്നാൽ India European Union Water Partnership (IEWP) - Urban Flooding നെക്കുറിച്ചുള്ള പഠനത്തിനായി തിരുവനന്തപുരം പൈലറ്റ് നഗരമായി തിരഞ്ഞെടുത്തിട്ടുണ്ട്. ഇതിന്റെ ഭാഗമായി ആമയിഴഞ്ചാൻ തോടിൽ വന്നുചേരുന്ന ഉള്ളൂർ തോട്, പട്ടം തോട്, കുന്നുകുഴി തോട് എന്നീ തോടുകളുടെ വെള്ളം ഉൾകൊള്ളിക്കുന്ന തരത്തിൽ confluence point വീതി വർദ്ധിപ്പിക്കുന്നതിനും, തോടിലെ വെള്ളത്തിന്റെ ഒഴുക്കിന് തടസ്സമായി നിൽക്കുന്ന 3 പാലങ്ങൾ പൊളിച്ച് പുനർ നിർമ്മിക്കുന്നതിനും തെറ്റിയാർ തോടിൽ അടിഞ്ഞുകൂടിയ എക്കൽ നീക്കം ചെയ്യൽ (desilting) ഉൾപ്പെടെയുള്ള മറ്റ് അനുബന്ധ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനുമായി 62.742 കോടി രൂപയുടെ ഒരു പ്രാഥമിക പ്രോജക്ട് പ്രൊപ്പോസൽ തയ്യാറാക്കുകയും, Kerala State Disaster Management Authority (KSDMA), ജലവിഭവ വകുപ്പ്, നഗരസഭ, പൊതുമരാമത്ത് വകുപ്പ് തുടങ്ങിയവയിലെ ഉദ്യോഗസ്ഥരും, GIZ (German Agency), CWC (Central Water Commission) പ്രതിനിധികളും പങ്കെടുത്ത ആദ്യ കൺസൾട്ടേഷൻ യോഗത്തിൽ KSDMA, UFRMP (Urban Flood Risk Management Programme) പദ്ധതിക്കായി സമർപ്പിച്ച മേൽ പ്രൊപ്പോസൽ KSDMA അവതരിപ്പിക്കുകയും ചെയ്തു. ഇതിനെ തുടർന്ന് NDMA (National Disaster Management Authority) ടെക്നിക്കൽ അപ്രൈസൽ കമ്മിറ്റിക്കു മുമ്പാകെ ടി പ്രൊപ്പോസൽ വീണ്ടും അവതരിപ്പിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത യോഗത്തിന്റെ തീരുമാനം ലഭ്യമാകുന്ന മുറയ്ക്ക് നടപടികൾ സ്വീകരിക്കാവുന്നതാണ്.

2026-27 ലെ ബഡ്ജറ്റിൽ തെറ്റിയാറിന്റെ നവീകരണത്തിനായി 25 കോടി രൂപയ്ക്ക് 100 രൂപ ടോക്കൺ പ്രൊവിഷൻ ഉൾപ്പെടുത്തിയിട്ടുണ്ട്.

(ഡി) തെറ്റിയാറിന്റെയും ആമയിഴഞ്ചാൻ തോടിന്റെയും ഇരുകരകളും നിരന്തരം ഇടിയുന്നതിലൂടെ കർഷകരുടെയും പൊതുജനങ്ങളുടെയും ജീവനും സ്വത്തിനും അപകടമാവുന്നത് തടയുവാൻ പ്രസ്തുത തോടുകളുടെ വശങ്ങൾ കെട്ടി സംരക്ഷിക്കുന്നതിന് സർക്കാർ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അത് വ്യക്തമാക്കാമോ?

<u>മറുപടി:</u> 2019-20 ലെ ബഡ്ജറ്റിൽ 25 കോടി രൂപയുടെ പദ്ധതിയിൽ ആമയിഴഞ്ചാൻ തോടിൽ കണ്ണമ്മൂല മുതൽ നെല്ലിക്കുഴി വരെയുള്ള ഭാഗത്ത് സംരക്ഷണ ഭിത്തിയുടെ നിർമ്മാണ പ്രവർത്തിയുടെ ആദ്യ ഘട്ടം പൂർത്തീകരിച്ചിട്ടുണ്ട് . ഈ പദ്ധതിയുടെ ഭാഗമായി വരുന്ന സിവറേജ് പൈപ്പ്ലൈൻ പ്രവർത്തി സ്ഥല ലഭ്യത ഇല്ലാത്തത് കാരണം പൂർത്തീകരിച്ചിട്ടില്ല (70% completed). ഇതിന്റെ രണ്ടാംഘട്ട പ്രവർത്തികൾക്ക് വേണ്ടി 2022-23 ബഡ്ജറ്റിൽ 12 കോടി രൂപ വകയിരുത്തി പ്രസ്തുത പ്രവർത്തി പുരോഗമിച്ച് വരുന്നു (20% completed).

2025-26 ബഡ്ജറ്റിൽ ഉൾപ്പെടുത്തി സ.ഉ.(സാധാ) നം.27/2026/ജവിവ തീയതി 13.01.2026 പ്രകാരം 1.009 കോടി രൂപയുടെ ഭരണാനുമതി ലഭ്യമാക്കിയ "Construction of drain from Thenganam kodu pond, Side protection of Thettiyarthodu at different locations and protection works to Karoor pond in Nedumangad Constituency" എന്ന പ്രവൃത്തിയിൽ ഉൾപ്പെട്ട തെറ്റിയാർ തോടിന്റെ പ്രവർത്തി പൂർത്തിയായിട്ടുണ്ട്.

സെക്ഷൻ ഓഫീസർ